**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** | **11-10-2024 - ൽ മറുപടിയ്ക്ക്**

**തോട്ടവിളകളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തോട്ടവിളകളായ റബ്ബർ, കാപ്പി, കൊക്കോ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന കർഷകരെ സഹായിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി അറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത വിളകൾക്ക് നൽകുന്ന ഇൻഷ്വറൻസ് സംരക്ഷണം, പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിള നാശത്തിനുള്ള നഷ്ടപരിഹാരം, കേന്ദ്ര സംസ്ഥാന പദ്ധതികളായ സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ, മൂല്യ വർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി എന്നിവയിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള, മുഖാന്തിരം നടപ്പിലാക്കുന്ന `മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ` പദ്ധതിയിൽ ഉൾപ്പെടുത്തി കൊക്കോ കർഷകരെ സഹായിക്കുന്നതിന് വിള വിസ്തൃതി വ്യാപനം, വിളവെടുപ്പാനന്തര പരിപാലനം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. കാർഷിക സർവ്വകലാശാല തോട്ടവിള കർഷകർക്കായി പരിശീലന പരിപാടികളും മറ്റു സേവനങ്ങളും ലഭ്യമാകുന്നുണ്ട്. 2015- 2016 മുതൽ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ബോണസ് പദ്ധതി പ്രകാരം 2024-25 വരെ 2074.31 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br><br>2021-22-ൽ കാപ്പിക്ക് വിലകുറഞ്ഞ സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ സുൽത്താൻ ബത്തേരി കാർഷിക മൊത്ത വ്യാപാര വിപണി മുഖാന്തിരം വിപണി വിലയേക്കാൾ 10 രൂപ അധികം നൽകി 498.11 മെട്രിക് ടൺ കാപ്പി സംഭരിച്ച് കർഷകരെ സഹായിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തോട്ടവിള മേഖലയുടെ സമഗ്ര വികസനത്തിന് ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയിൽ റബ്ബറും, കാപ്പിയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | റബ്ബർ, കാപ്പി, കൊക്കോ തുടങ്ങി ഏഴിനം തോട്ടവിളകളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് യൂറോപ്യൻ രാജ്യങ്ങൾ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിബന്ധനകൾ ഒഴിവാക്കാൻ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | അത്യുല്പാദനശേഷിയുള്ള കൊക്കോ തൈകൾ ഉല്പാദിപ്പിക്കുന്ന പ്രാദേശിക കർഷകർക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ; കാർഷിക സർവകലാശാല ഇക്കാര്യത്തിൽ തദ്ദേശീയർക്ക് കൂടുതൽ പരിഗണന നൽകി ഇത്തരം തൈകൾ ഉല്പാദിപ്പിക്കുന്നവർക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | അത്യുല്പാദനശേഷിയുള്ള കൊക്കോ തൈകൾ ഉല്പാദിപ്പിക്കുന്ന പ്രാദേശിക കർഷകർക്ക് അംഗീകാരം നൽകിവരുന്നത് 'ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആൻഡ് കൊക്കോ ഡെവലപ്പ്മെന്റ്' എന്ന സ്ഥാപനമാണ്. പ്രാദേശിക കൊക്കോ നഴ്സറികൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ